LIBRARY ARCHIVES Kerala Legislative Assembly

സപ്ലൈകോയുടെ നെല്ല് സംഭരണം

207 (3957) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ സംഭരിക്കുന്ന നെല്ലിന്റെ വില നൽകുന്നതിൽ നിന്നും ബാങ്കുകൾ പിന്മാറിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഏതൊക്കെ ജില്ലകളിലെ ഏതെല്ലാം ബാങ്കുകളാണ് പിന്മാറിയതെന്ന് വിശദമാക്കുമോ ;

(സി) കരാറിൽ നിന്നും ബാങ്കുകൾ പിന്മാറാനുണ്ടായ കാരണം വിശദമാക്കുമോ ;

(ഡി) ആലപ്പുഴ ജില്ലയിൽ നിലവിൽ നെൽകർഷകർക്ക് കൊടുക്കാനുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) സപ്ലൈകോ സംഭരിക്കുന്ന നെല്ലിന്റെ സംഭരണ വില നൽകുന്നതിൽ നിന്ന് ബാങ്കുകൾ പിന്മാറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ബാധകമല്ല.

(ഡി) ആലപ്പുഴ ജില്ലയിൽ നിലവിൽ നെൽകർഷകർക്ക് നെല്ലിന്റെ സംഭരണ വില എന്ന ഇനത്തിൽ യാതൊരു തുകയും നൽകുവാനില്ല.

ഭൂമി രജിസ്ട്രേഷനിലുണ്ടായ കുറവ്

208 (3958) ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻവർഷത്തെ അപേക്ഷിച്ച് 2014-ൽ സംസ്ഥാനത്ത് ഭൂമി രജിസ്ട്രേഷൻ കുറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര കുറവ് ഉണ്ടായതായാണ് കണ്ടെത്തിയിട്ടുള്ളത് ;

(സി) അതിനിടയാക്കിയ കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ഡി) അമിതഫീസും അപ്രായോഗിക നിർദ്ദേശങ്ങളും ഇതിന് കാരണമായതായി കരുതുന്നുണ്ടോ ;

(ഇ) മുക്ത്യാർ നൽകുന്നതിനുള്ള നിബന്ധനകൾ പുതുക്കിയിട്ടുണ്ടോ ;

(എഫ്) വസ്തുക്കളുടെ ബാദ്ധ്യതാ വിവരണത്തിനുള്ള സർട്ടിഫിക്കറ്റ് ഫീസ് വർദ്ധിപ്പിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2013-2014 സാമ്പത്തിക വർഷം 1179064 ആധാരങ്ങൾ രജിസ്റ്റർ ചെയ്തു. 2014-15 സാമ്പത്തിക വർഷം 1053918 ആധാരങ്ങൾ മാത്രമേ രജിസ്റ്റർ ചെയ്തിരുന്നുള്ളൂ. ഇത് മുൻ വർഷത്തെ അപേക്ഷിച്ച് 125146 ആധാരങ്ങൾ കുറവാണ്.

(സി) ഇക്കാര്യം സർക്കാർ പ്രത്യേകമായി പരിശോധിച്ചിട്ടില്ല.

(ഡി) ഇല്ല.

(ഇ) പുതുക്കിയിട്ടുണ്ട്.

13-9-2013-ലെ 20137/Leg.A2/2009/Law നമ്പർ വിജ്ഞാപനത്തിലൂടെ രജിസ്ട്രേഷൻ (കേരള ഭേദഗതി) ആക്ട്, 2012 (2013-ലെ 31-ാം നമ്പർ ആക്ട്) നിലവിൽ വന്നിട്ടുള്ളതാണ്. അതിൻ പ്രകാരം, 1908-ലെ രജിസ്ട്രേഷൻ ആക്ട് വകുപ്പ് 17-ൽ വരുത്തിയ ഭേദഗതി അനുസരിച്ച്, കുടുംബത്തിന്റെ നിർവ്വചനത്തിൽ വരാത്തയാളുകൾ തമ്മിലുള്ള മുക്ത്യാറുകൾ നിർബന്ധമായും രജിസ്റ്റർ ചെയ്യപ്പെടേണ്ട കാരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(എഫ്) വർദ്ധിപ്പിച്ചിട്ടുണ്ട്.

27-4-2013-ലെ G.O.(P) 88/2013/TD നമ്പർ വിജ്ഞാപനപ്രകാരം രജിസ്ട്രേഷൻ ഫീസ് പട്ടിക പ്രകാരമുള്ള വിവിധ സേവന നിരക്കുകളിൽ വർദ്ധനവ് വരുത്തിയിരുന്നു. അതിൻപ്രകാരം ബാദ്ധ്യതാ സർട്ടിഫിക്കറ്റിനുള്ള ഫീസ് നിരക്ക് താഴെപ്പറയും പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്:

ആദ്യ 5 വർഷത്തിന് - 100 രൂപ
5 വർഷത്തിനുശേഷം 30 വർഷം വരെ - 250 രൂപ
30 വർഷത്തിനുശേഷമുള്ള ഓരോ വർഷത്തിനും - 25 രൂപ
അപേക്ഷാ ഫീസ് - 10 രൂപ

LIBRARY ARCHIVES Kerala Legislative Assembly